ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, എനിക്ക് കള്ളക്കടത്തിനെപ്പറ്റിയല്ല പറയാനുള്ളത്. നല്ല കടത്തിനെപ്പറ്റിയാണ്. നല്ല കടത്തുമായി ചെക്ക്പോസ്റ്റിൽ വരുമ്പോൾ എല്ലാ റിക്കോർഡുകളുമുണ്ടെങ്കിൽ പറയും, നീ എന്തിനാണ് എല്ലാ റിക്കോർഡുകളുമായിട്ട് വന്നത്, ഞങ്ങൾക്ക് തരാനുള്ളത് കഴിച്ചിട്ട് കൊണ്ടു വന്നാൽപ്പോരേ എന്നുള്ള മനോഭാവമാണ്. മര്യാദയ്ക്ക് കൊണ്ടുവരുന്ന ആളുകളുടെ ലോറി പിടിച്ചിട്ട് ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. കെ. ശങ്കരനാരായണൻ : അങ്ങ് ഒരു ബിസിനസുകാരനാണല്ലോ, ഓരോ ഉദ്യോഗസ്ഥൻമാരെയും സംബന്ധിച്ചിടത്തോളം ഇത് വേണ്ടവിധം ചെയ്യാം. ഞാൻ ഇതിൽ അങ്ങനെ ഒരു കാര്യം സ്വീകരിക്കുന്നില്ല. ഞാൻ ഇതിൽ ഒരു Broad Outlook ആണ് എടുത്തിട്ടുള്ളത്.

മി. സ്പീക്കർ : ചോദ്യം നമ്പർ *688.

കാർഷിക കടങ്ങളുടേയും കാർഷികേതര കടങ്ങളുടേയും പലിശ പൂർണ്ണമായും ഒഴിവാക്കാനുള്ള നിർദ്ദേശം

2 (*688.) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 മാർച്ച് 31-ന് മുമ്പ് എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടേയും 25,000 രൂപ വരെയുള്ള കാർഷികേതര കടങ്ങളുടേയും പലിശ പൂർണ്ണമായും ഒഴിവാക്കുവാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഈ ആനുകൂല്യം ഏത് കാലം വരെ അനുവദിച്ചിട്ടുണ്ട് ;

(സി) കേന്ദ്രത്തിന്റെ ഈ നിർദ്ദേശം കേരളത്തിൽ ബാധകമാക്കുവാൻ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) ഏതെല്ലാം വിധത്തിലുള്ള കടങ്ങളാണ് ഈ നിർദ്ദേശത്തിന്റെ പരിധിയിൽ വരുന്നത് ;

(ഇ) ഗവൺമെന്റിൽ നിന്നുമെടുത്തിട്ടുള്ള വായ്പയും ഈ നിർദ്ദേശത്തിന്റെ പരിധിയിൽ വരുമോ എന്ന് വ്യക്തമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) :

(എ) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം ലഭ്യമായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി-ഇ) ഉദിക്കുന്നില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഇത്തരം ഒരു ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ടോ; ഇങ്ങോട്ട് നിർദ്ദേശം കിട്ടിയിട്ടില്ല എന്ന് പറഞ്ഞു. ഇങ്ങനെ ഒരു നിർദ്ദേശവുമായി സംസ്ഥാന ഗവൺമെന്റ് അങ്ങോട്ട് പോയിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി : ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിൽ ഉൾപ്പെട്ട കാര്യം കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചതായിട്ട് എനിക്ക് അറിയില്ല. ഇത് 1998-ന് മുമ്പുള്ള കണക്കാണ്. അതിന്റെ ഇന്ററസ്റ്റൊക്കെ വേവ് ചെയ്യാനായിട്ട് ഇങ്ങോട്ട് കമ്മ്യൂണിക്കേഷനൊന്നുമില്ല. കേന്ദ്ര ഗവൺമെന്റ് അങ്ങനെ നടപടി സ്വീകരിച്ചിട്ടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, അത്തരം ഒരു വ്യാജരേഖ ആരുടെയോ കൈയിൽ ഉണ്ടെന്ന ഊഹാപോഹത്തിന്റെ പുറത്ത് ഇങ്ങനെ ഒരു വാർത്ത കിട്ടിയതുകൊണ്ട് നിജസ്ഥിതി അറിയാനുള്ള മോഹത്തിലാണ് ഈ ചോദ്യം ചോദിച്ചുപോയത്. അങ്ങനെ ഒരു രേഖ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സംസ്ഥാന ഗവൺമെന്റിന് കിട്ടിയെന്ന്. കിട്ടിയില്ലെന്നും പറയുന്നു. ഇപ്പോൾ ഉണർന്ന ഒരു മോഹത്തിന്റെ പുറത്ത് ചോദിച്ചുപോയതാണ്. ഈ പറഞ്ഞ 1998 മാർച്ച് 31-ന് മുമ്പ് എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടേയും 25,000 രൂപ വരെയുള്ള കാർഷികേതര കടങ്ങളുടേയും പലിശ പൂർണ്ണമായിട്ടും അല്ലെങ്കിൽ ഭാഗികമായിട്ടെങ്കിലും, സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷമാണ്, ഒഴിവാക്കാനുള്ള എന്തെങ്കിലും നീക്കം നടത്താൻ സാധിക്കുമോ ?

ശ്രീ. കെ.എം. മാണി: കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചതായിട്ടറിയില്ല. എന്നാൽ റിസർവ് ബാങ്ക് ചില ഡയറക്ഷൻസ് നൽകിയിട്ടുണ്ട്. 15.11.2002-ലെ ഗൈഡ് ലൈൻ അനുസരിച്ച് 2002-03 വർഷത്തെ കടങ്ങൾക്ക് മോറട്ടോറിയം കൊടുക്കാനും റീ-പേമെന്റിന് സ്മാൾ ഹോൾഡേഴ്സാണെങ്കിൽ 5 വർഷത്തെ കാലാവധിയും അല്ലാത്തവർക്ക് 4 വർഷത്തെ കാലാവധിയും കൊടുക്കാനും വാണിജ്യ ബാങ്കുകൾക്കും ഷെഡ്യൂൾഡ് ബാങ്കുകൾക്കും ആർ. ബി. ഐ. ഡയറക്ഷൻ നൽകിയിട്ടുണ്ട്. അതുപോലെതന്നെ കാപ്പിക്കൃഷിക്കാർക്ക്, Non Performing Asset ആണെങ്കിൽ ആ കടം റീ-ഷെഡ്യൂൾ ചെയ്ത് കൊടുക്കാനും ഡയറക്ഷൻ വന്നിട്ടുണ്ട്. അതുകൊണ്ട് തെറ്റിദ്ധരിച്ചായിരിക്കാം പറയുന്നത്. അങ്ങനെയാണെങ്കിൽപ്പോലും 2002-03 പീരീഡിലേതാണ്. 1998-ന് മുമ്പുള്ള പീരീഡിലേതിന് ഒരു കമ്മ്യൂണിക്കേഷനും ഇല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കാർഷിക കടാശ്വാസ നിയമം നമ്മൾ പാസ്സാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ചില അംഗ സംഘങ്ങൾ അത് നടപ്പിലാക്കിയിട്ടില്ല എന്നുള്ളത് അവിടെനിന്നും ലോൺ എടുത്തിട്ടുള്ള കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സഭ പാസ്സാക്കിയ നിയമം ക്യാരി ഓവർ ചെയ്യാനുള്ള തടസ്സത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : അങ്ങനെ ഏതെങ്കിലും ബാങ്കിന് അത് നടപ്പിലാക്കാതിരിക്കാൻ കഴിയില്ല. അപേക്ഷ വന്നുകാണുകയില്ലായിരിക്കാം. കാലാവധിക്കകത്ത് അപേക്ഷ കൊടുക്കുന്ന ആളുകളുടേത് മാത്രമേ പരിഗണിക്കാൻ കഴിയൂ. പ്രത്യേക കേസുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങയുടെ ശ്രദ്ധയിൽ അത് വന്നുപെട്ടില്ല എന്ന് എനിക്ക് മനസ്സിലായി. കേരള സംസ്ഥാനത്ത് ഇങ്ങനെ സഹകരണ സംഘങ്ങളിൽ നിന്നും ലോൺ എടുത്ത ശേഷം കൊടുക്കേണ്ട എന്ന് തീരുമാനിച്ച ചില ഡയറക്ടർ ബോർഡുകളുണ്ടെന്ന് എനിക്ക് വിശ്വാസ യോഗ്യമായിട്ടും അറിയാം. അങ്ങനെയുള്ള പരാതികൾ വന്നാൽ അതുപോലെയുള്ള സംഘങ്ങൾക്കെതിരായിട്ട് നടപടി എടുക്കുന്നതിന് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : അതൊരു നിയമ ലംഘനമാണ്. ബാങ്ക് നിയമം ലംഘിച്ചാൽ കുറ്റകരമാണ്. അത് പ്രത്യേകം നോട്ട് ചെയ്ത് അതിൻമേൽ നടപടി സ്വീകരിക്കും.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധിമൂലം കാർഷിക വായ്പ എടുത്തിട്ടുള്ള കർഷകർ കൃത്യമായി വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതുകൊണ്ട് പല ധനകാര്യ സ്ഥാപനങ്ങളും ജപ്തി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. എം. മാണി : കേന്ദ്ര ഗവൺമെന്റിന്റെ അനുഭാവപൂർവമായ നിലപാടുണ്ടെങ്കിൽ മാത്രമേ അങ്ങനെ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ കഴിയൂ. കേന്ദ്ര ഗവൺമെന്റിന്റെ കൈയിലാണ് അതൊക്കെ ഇരിക്കുന്നത്. റിസർവ് ബാങ്കിന്റേയും നബാർഡിന്റേയും ആഭിമുഖ്യത്തിലാണ് ഈ കാര്യങ്ങളെല്ലാം. കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന പോളിസി അനുസരിച്ച് മാത്രമേ നമുക്കത് പറ്റൂ.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, പ്രകൃതി ക്ഷോഭത്തിൽപ്പെട്ട് നമ്മുടെ കൃഷിക്കാരുടെ കൃഷി നിത്യവും നശിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ വർഷവും കേരളത്തിലെ കൃഷിക്കാർ പ്രതിസന്ധിയിലാകുന്ന പ്രധാനപ്പെട്ട ഘടകം പ്രകൃതിക്ഷോഭമാണ്. അത് വേനലായാലും മഴയായാലും മാറിമാറി കൃഷിയെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. അത്തരം പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് കൃഷി നശിക്കുന്ന കൃഷിക്കാരെ കാര്യമായി സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പലപ്പോഴും പ്രഖ്യാപിക്കാറുണ്ടെങ്കിലും പൂർത്തിയാകാറില്ല. ഇത്തരം കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ ?

ശ്രീ. കെ. എം. മാണി : അത്തരം കൃഷിക്കാർക്ക് ഗവൺമെന്റിന്റെ സഹായം കൊടുക്കാറുണ്ട്. കൃഷി നശിച്ചതിനെ സംബന്ധിച്ചിടത്തോളം Agriculture Department-ൽ നിന്നും assess ചെയ്തു Revenue Department-നെ അറിയിച്ചാൽ കാലാകാലങ്ങളിൽ അതിന് ഗവൺമെന്റ് നഷ്ട പരിഹാരം കൊടുക്കാറുണ്ട്. ഇതിനൊരു ശാശ്വത പരിഹാരം ഉണ്ടാകണമെങ്കിൽ മുഴുവൻ Agriculture മേഖലയും insure ചെയ്യണം. ഏതായാലും അതിനെപ്പറ്റി ഗവൺമെന്റ് ഇതുവരെ ചിന്തിച്ചിട്ടില്ല. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ സമയം കഴിഞ്ഞു. മുഴുവൻ അഗ്രിക്കൾച്ചർ മേഖലയും നമ്മൾ ഇൻഷ്വർ ചെയ്യുകയാണെങ്കിൽ കർഷകർക്ക് ആവശ്യമായ നഷ്ടപരിഹാരം കിട്ടും.

ശ്രീ. കെ. മോഹൻകുമാർ : സർ, എല്ലാപേർക്കും പാർപ്പിടമെന്ന ദേശീയ ലക്ഷ്യം നേടുന്നതിനുവേണ്ടി വളരെ ആസൂത്രിതമായ പരിശ്രമങ്ങൾ നടന്നുവരുന്നു. ഈ സന്ദർഭത്തിൽ നിശ്ചിത മാസ വരുമാനമില്ലാത്ത കർഷകത്തൊഴിലാളികൾക്കും തൊഴിൽരഹിതർക്കും കാർഷികേതര കടങ്ങൾക്കും ഭവന പദ്ധതിക്കും പലിശ ഇളവ് പൂർണ്ണമായും നടപ്പിലാക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. കെ. എം. മാണി : അതിന് ഇപ്പോൾത്തന്നെ ഒരു നിർദ്ദേശം ഞാൻ കൊടുത്തിട്ടുണ്ട്. Housing Board-ൽ One Time Settlement എന്ന രീതിയിൽ Penal Interest കുറച്ചുകൊടുക്കാനും Compounding Interest കുറച്ചു കൊടുക്കാനും മറ്റുമുള്ള ചില നടപടികളുണ്ട്. കേസുകളെ സംബന്ധിച്ചിടത്തോളം നിലവിൽ ആശ്വാസം കൊടുക്കുന്നതിനുള്ള നയം ഇപ്പോൾ തന്നെയുണ്ട്. അതനുസരിച്ച് പ്രവർത്തിക്കും.

ശ്രീ. കെ. മോഹൻകുമാർ : സർ, ഇപ്പോൾ വായ്പ എടുത്തിരിക്കുന്ന ആളുകൾ One Time Settlement-ൽ പലിശ ഇളവ് നൽകുന്നതിനെക്കുറിച്ചല്ല, പുതിയ പദ്ധതിയിൽ നിശ്ചിത മാസവരുമാനം ഇല്ലാത്തവർക്ക്, കർഷകത്തൊഴിലാളികൾക്ക് ഇളവ് നൽകുമോ എന്നുള്ളതാണ്. പലിശ നിരക്ക് റിസർവ് ബാങ്കിന്റെ ഇടപെടലിനെത്തുടർന്ന് വളരെ കുറച്ചിരിക്കുകയാണ്. ആ പശ്ചാത്തലത്തിൽ ചെറുകിട കർഷകരുടെ കാർഷികേതര കടങ്ങൾക്ക് പൂർണ്ണമായും പലിശ ഇളവ് ചെയ്യുന്നില്ല. രാജ്യത്തിനാകെ മാതൃകയാകാൻ ഈ പുതിയ പദ്ധതി മനസ്സിൽ തട്ടി ആലോചിച്ച് അത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനാവശ്യമായ സമ്മർദ്ദങ്ങൾ നടത്തുമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പറുടെ വികാരത്തോട് ഞാൻ യോജിക്കുന്നു. എന്റെ മനസ്സിൽ വളരെ സ്പർശിച്ചിട്ടുണ്ട് അക്കാര്യം. പക്ഷേ സാമ്പത്തികമാണ് പ്രശ്നം. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയാണ് അതിന് ഉത്തരം പറയേണ്ടത്. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ നമുക്ക് പ്രവർത്തിക്കാനൊക്കൂ. സാമ്പത്തിക സൗകര്യമുണ്ടായിരുന്നെങ്കിൽ നമുക്ക് കൂടുതൽ സഹായം കൊടുക്കാമായിരുന്നു. അതാണ് ഞാൻ ആദ്യം പറഞ്ഞത്, കേന്ദ്ര ഗവൺമെന്റിന്റെ സഹായം ഈ രംഗത്തുണ്ടെങ്കിൽ മാത്രമേ നമുക്ക് ശാശ്വതമായി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, കാർഷിക കടാശ്വാസ ആക്റ്റിൽ കടം എന്നതിന് കാർഷിക കടം എന്ന നിർവ്വചനമുള്ളതിനാൽ കാർഷികേതര കടങ്ങൾക്ക് കൂടി പലിശ ഒഴിവാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : അത് കാർഷിക കടങ്ങൾ എന്നുള്ള നിലയിലാണ് ഗവൺമെന്റ് ഇപ്പോൾ നയമെടുത്തിരിക്കുന്നത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : വിള ഇൻഷ്വറൻസ് നിലവിലുണ്ട്. കാർഷിക വിളകളെല്ലാം തന്നെ ഇൻഷർ ചെയ്താലേ കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കുവാൻ കഴിയൂവെന്ന് പറഞ്ഞു. കർഷകനേതാവ് കൂടിയായ അങ്ങ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഇപ്രകാരം ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകുവാൻ നേതൃത്വം നൽകുമോ?

ശ്രീ. കെ. എം. മാണി : അതിന് നമുക്കെല്ലാവർക്കും കൂടി ഒരുമിച്ച് ശ്രമിക്കാം. ഞാനും അതിൽ ഉണ്ടായിരിക്കും.

ശ്രീ. പി.സി. ജോർജ് : കാർഷിക കടങ്ങൾ എഴുതിതള്ളണമെന്ന് കൃഷിക്കാർ പോലും ആഗ്രഹിക്കുന്നില്ല. സത്യമതാണ്. സ്ഥിരമായ ഒരു പ്രശ്നമാണ്. എല്ലാവരും പറയും കാർഷിക കടങ്ങൾ എഴുതിതള്ളണമെന്ന്. ഞാൻ മനസ്സിലാക്കിയിടത്തോളം കടങ്ങൾ എഴുതിത്തള്ളുന്നത് കർഷകർ പോലും ആഗ്രഹിക്കാത്ത കാര്യമാണ്. പക്ഷേ പ്രശ്നമെന്താണെന്ന് വച്ചാൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയുന്നതോടുകൂടി തിരിച്ചടവ് കഴിയാതാകുന്ന ഒരു സാഹചര്യമാണ്. നമുക്ക് ചെയ്യാവുന്നത് 10 കൊല്ലം എന്ന ഒരു മാനദണ്ഡം വച്ചുകൊണ്ട് വിലയിടിഞ്ഞ കാർഷികോൽപ്പന്നങ്ങൾ മാത്രമുള്ള കർഷകരുടെ കടങ്ങൾക്ക് 10 വർഷത്തേയ്ക്ക്, വൺടൈം സെറ്റിൽമെന്റ് ഉണ്ടാക്കുന്നതുപോലെ തന്നെ ഒരു മാനദണ്ഡം സ്വീകരിക്കുകയും അത്തരത്തിലുള്ള കൃഷിക്കാരുടെ കാർഷിക കടങ്ങൾ മാത്രം എഴുതിത്തള്ളുകയും ചെയ്യുന്ന ഒരു നയം സ്വീകരിക്കാൻ ധനകാര്യമന്ത്രിയോട് ആലോചിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി : ഞാൻ എല്ലാവരുമായിട്ടും ആലോചിക്കാൻ തയ്യാറാണ്. കർഷകർക്ക് വേണ്ടിയെന്ന് പറഞ്ഞാൽ അതിന് വേണ്ടി അങ്ങേയറ്റം തയ്യാറാണ്. നമുക്ക് റിസർവ് ബാങ്കിൽനിന്നുള്ള പണമാണ് ഈ ബാങ്കുകളിലൊക്കെ വരുന്നത്. ഈ ബാങ്കുകളെല്ലാം തിരിച്ചടയ്ക്കണം. അതാണ് അതിന്റെ ബുദ്ധിമുട്ട്. അവർ നിശ്ചയിക്കുന്ന പലിശ, അവർ നിശ്ചയിക്കുന്ന രീതിയിൽ തിരിച്ചടവുള്ള ആ മേഖലയിൽ എന്തെങ്കിലും സഹായം കൊടുക്കണമെന്നുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ കൂടിയാണ് ആ സഹായങ്ങൾ കൂടുതലായി വരേണ്ടത്. പക്ഷേ ഈ ഗവൺമെന്റ് വന്ന ഉടനെ കഴിഞ്ഞ തവണ മോറട്ടോറിയം കൊണ്ടുവന്നു. ബാങ്കിന് 6 മാസത്തെ മോറട്ടോറിയം കൊടുത്തു, ഗവൺമെന്റിന് ഒരു വർഷത്തെ മോറട്ടോറിയം കൊടുത്തു. ആ നിലയ്ക്ക് ഈ ഗവൺമെന്റ് ചെയ്യാനുള്ളത് സാമ്പത്തിക പരിമിതിക്കകത്തുനിന്ന് ചെയ്തിട്ടുണ്ട്. പോരാ എന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. ഇനിയും ചെയ്യേണ്ടതാണ്. അതിന് നമുക്ക് ഒരുമിച്ച് ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത കർഷക കുടുംബങ്ങളിലെ കുടുംബനാഥൻ മരിച്ചുപോയാൽ അത്തരം കടം അടച്ചുവീട്ടാൻ ബുദ്ധിമുട്ടുന്ന ഒരുപാട് കർഷകർ എന്റെ മണ്ഡലത്തിൽ തന്നെയുണ്ട്. അത്തരം കുടുംബങ്ങളിലെ പ്രായപൂർത്തിയായ ആൺമക്കൾ ഇല്ലാത്തവരും വിവാഹപ്രായമെത്തിയ പെൺമക്കളുള്ള വീടുകളിലെ കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അത്തരം കേസുകൾ പ്രത്യേകമായി പരിശോധിക്കാം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ജീവനക്കാരുടെ സമരകാലത്ത് നമ്മുടെ മുഖ്യമന്ത്രി കർഷകർക്ക് വേണ്ടി പ്രഖ്യാപിച്ച ഒരു പാക്കേജ് പദ്ധതിയുണ്ട്. ആ പദ്ധതി പ്രകാരം കൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. എം. മാണി : അത് സെപ്പറേറ്റ് ചോദ്യമാണ്. ഇവിടെ കാർഷിക കടങ്ങളാണ്. മറ്റേത് ചില സഹായ പദ്ധതികളാണ്.

ശ്രീ. എൻ. ഡി. അപ്പച്ചൻ : സംസ്ഥാന സർക്കാർ സഹകരണ ബാങ്കിലൂടെ കൃഷിക്കാർ എടുത്തിട്ടുള്ള കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അത് എല്ലാ സഹകരണ ബാങ്കുകളും നടപ്പിലാക്കാത്ത ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. രാഷ്ട്രീയമായ ലക്ഷ്യം വച്ചുകൊണ്ട് ഇതിനെ തകർക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ പല ഭാഗത്തും നടക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തിട്ടുള്ള പാവപ്പെട്ട കർഷകർ, വൺടൈം സെറ്റിൽമെന്റിലൂടെ അവരുടെ കടങ്ങൾ അടച്ചുതീർക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുവെന്ന്. പക്ഷേ അത് കൃഷിക്കാർക്ക് പ്രത്യേകിച്ച് പ്രയോജനം ലഭിക്കുന്ന വിധത്തിലല്ല ആ തീരുമാനങ്ങളൊക്കെ ഉണ്ടാകുന്നത്. അതുകൊണ്ട് റിസർവ് ബാങ്കുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് ഇവരുടെ പിഴപലിശയെങ്കിലും ഒഴിവാക്കി കൊടുത്തുകൊണ്ട് കൃഷിക്കാരെ രക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. കെ. എം. മാണി : അത് നമുക്ക് ആലോചിക്കാം. അതിന് വേണ്ടി ശ്രമിക്കാം.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, വളരെ ഹ്യുമാനിറ്റേറിയനായി കൺസൾട്ട് ചെയ്യേണ്ട ചില പ്രദേശങ്ങൾ നമ്മുടെ കേരളത്തിലുണ്ട്. കഴിഞ്ഞ രൂക്ഷമായ വരൾച്ച കാലത്ത് ആ പ്രദേശങ്ങൾ വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിരുന്നു. ചിറ്റൂർ, അതുപോലെതന്നെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്, ഈ പ്രദേശങ്ങളിലെ കൃഷിക്കാരുടെ കാർഷിക കടങ്ങൾക്ക് പിഴപലിശയെങ്കിലും ഒഴിവാക്കാൻ അങ്ങ് നിയമപരമായ വല്ല നടപടിക്കും സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. കെ. എം. മാണി : അതാണ് ഞാൻ പറഞ്ഞത്, ഇപ്പോൾ തന്നെ കാലാകാലങ്ങളിൽ നമ്മൾ ഷെഡ്യൂൾഡ് ബാങ്കിനെ അപ്രോച്ച് ചെയ്യുക എന്നുമാത്രമേയുള്ളു. കമേഴ്സ്യൽ ബാങ്കുകളെ സംബന്ധിച്ച് അവർക്ക് നോൺ പെർഫോമിംഗ് അസ്സറ്റ്സാണെന്നുണ്ടെങ്കിൽ അത് റീഷെഡ്യൂൾ ചെയ്ത് കൊടുക്കണം. ചിലപ്പോൾ ചിലത് വേയ്വ് ചെയ്യാനും ചില സ്കീമുകളുണ്ട്. ആ സ്കീമിൽ നമ്മൾ വരികയെന്നുള്ളതാണ് അതിന് കരണീയമായിട്ടുള്ള മാർഗ്ഗം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇനിയും ഒരു കടനിവാരണ നിയമം കൊണ്ടുവരിക എന്നതിനെപ്പറ്റി ഗൗരവമായിട്ട് ആലോചിക്കേണ്ടതാണ്. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടാണ് അതിന് പ്രതിസന്ധി.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ സൂചിപ്പിച്ചതുപോലെ കടാശ്വാസ നിയമങ്ങളുടെ പ്രയോജനം യഥാർത്ഥത്തിൽ കർഷകർക്ക് എത്തുന്നില്ല. ഒരു പ്രചരണപരമായ കാര്യം എന്നതിനപ്പുറമായി ഇതിന്റെ പ്രയോജനം കർഷകർക്ക് എത്താതെ പോകുന്നത് നിയമനിർമ്മാണം വരെയുള്ള ഘട്ടത്തിലുള്ള കാലതാമസമാണ്. ഇവിടെ കൃഷി നഷ്ടം സംഭവിക്കുന്നവർക്കും കാർഷിക കടങ്ങൾക്ക് വേണ്ടിയുള്ള ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്നവരുമായ ആളുകൾക്ക് സമാശ്വാസമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കെ.എം. മാണി : റിവോൾവിംഗ് ഫണ്ട് എപ്പോഴും നല്ല ഒരു ആശയമാണ്. തീർച്ചയായും അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി നമുക്ക് ആലോചിക്കാം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന പശ്ചാത്തലം, നിരവധിയായ കർഷകർ കടബാദ്ധ്യത കൊണ്ട് ആത്മഹത്യ ചെയ്യുന്ന സാഹചര്യത്തിലാണ്. ആ സാഹചര്യത്തിലാണ് കാർഷിക കടാശ്വാസ ബിൽ ഇവിടെ പാസ്സാക്കിയത്. ആ നിയമം അടിസ്ഥാനപ്പെടുത്തി കൃഷിക്കാർക്ക് ഉദ്ദേശിച്ച ആനുകൂല്യം ലഭിച്ചില്ല എന്ന് മനസ്സിലാക്കി തുടർന്ന് കൃഷിക്കാർക്ക് ആശ്വാസം നൽകുന്നതിന് വേണ്ടിയുള്ള നിയമനിർമ്മാണവുമായി ബന്ധപ്പെടുന്നത് ഉൾപ്പെടെയുള്ള എന്തെങ്കിലും കാര്യങ്ങൾ ചെയ്യാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി : അത് പൊതുവായിട്ടുള്ള ഒരു കാസ്റ്റ്യനാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ഇപ്പോൾ നമ്മൾ ചർച്ച ചെയ്തത് 25,000 രൂപ മുതൽ 50,000 രൂപ വരെ കടമെടുത്തിട്ടുള്ള കർഷകരുടെ കാര്യമാണ്. അതിന് മുകളിൽ 75000 രൂപയോ ഒരു ലക്ഷം രൂപയോ എടുത്ത കർഷകനെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല. കാലാന്തരത്തിലെങ്കിലും ഇവർക്ക് കാർഷിക കടാശ്വാസം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ? ഇപ്പോൾ 25,000 രൂപ എന്നുപറഞ്ഞാൽ ഒന്നുമില്ല. അതുകൊണ്ടാണ്.

ശ്രീ. കെ. എം. മാണി : 50,000 രൂപ വരെയുള്ള ആളുകൾക്ക് മുഴുവൻ ആശ്വാസം കൊടുത്തതിന് ശേഷം മുകളിലോട്ട് പോകാൻ ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൃഷിക്കാരുടെ കടാശ്വാസം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; അതുകൊണ്ട് എത്ര കർഷകർക്ക് എത്ര തുകയുടെ പ്രയോജനം കിട്ടി ?

ശ്രീ. കെ. എം. മാണി : ഇതൊരു കോംപൗണ്ടിംഗ് ക്വസ്റ്റ്യനാണ്. ഞാൻ നിരവധി തവണ പറഞ്ഞിട്ടുണ്ട്. നമ്മൾ കടനിവാരണ നിയമത്തിൽ ഗവൺമെന്റിൽ നിന്നുള്ള കടങ്ങൾക്ക് മോറട്ടോറിയം ഒരു വർഷവും സഹകരണ ബാങ്കുകളിൽ 6 മാസവും പലിശ ഇളവ്, പീനൽ ഇന്ററസ്റ്റ് എല്ലാം ഇല്ലാതെ, അതുകഴിഞ്ഞ് 30 ഗഡു കൂടി കൊടുക്കുന്നു. അത് വലിയൊരു ആശ്വാസമായിരുന്നു.

തുർക്കിയിൽ കയറുൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ നടപടി

3 (*689) ശ്രീ. എം. മുരളി :
ശ്രീ. ജോർജ് ജെ. മാത്യു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുർക്കിയിൽ കയറിനും കയറുൽപ്പന്നങ്ങൾക്കും മാർക്കറ്റ് വർദ്ധിപ്പിക്കുമെന്ന് 2003 മേയ് മാസത്തിൽ തുർക്കി അംബാസിഡർ ആലപ്പുഴയിൽവച്ച് പ്രസ്താവിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് തുർക്കിയിൽ കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും വിപണി കണ്ടെത്താൻ എന്തെല്ലാം ശ്രമം നടത്തി ;

(സി) ഇക്കാര്യത്തിൽ നടത്തുന്ന ശ്രമങ്ങൾ തുർക്കി അംബാസിഡറുടെ ശ്രദ്ധയിൽപ്പെടുത്തിയോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ,

(എ) ഉണ്ട്.

(ബി&സി) തുർക്കിയിൽ കയറിനും കയറുൽപ്പന്നങ്ങൾക്കും ഉള്ള വിപണി സംബന്ധിച്ച് വിശദവിവരങ്ങൾ അന്വേഷിച്ചറിയാൻ സംസ്ഥാന കയർ കോർപ്പറേഷൻ അതിന്റെ ഡൽഹി ശാഖയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. 2001-02-ൽ ഐ.ടി.പി.ഒ., ടർക്കി റിപ്പബ്ലിക്കിൽ നടത്തിയ പ്രോഡക്റ്റ് പ്രൊമോഷൻ പ്രോഗ്രാമിൽ കയർബോർഡ് പങ്കെടുത്തു. അതനുസരിച്ച് ലഭിച്ച എട്ട് അന്വേഷണങ്ങൾ കയർ കയറ്റുമതിക്കാരെ അറിയിച്ചിട്ടുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ : എട്ട് അന്വേഷണങ്ങൾ നടന്നുവെന്നും അത് ബന്ധപ്പെട്ടവരെ അറിയിച്ചുവെന്നും പറഞ്ഞു. അതിൽ വല്ല പുരോഗതിയും ഇതുവരെ നേടാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇതുസംബന്ധിച്ച് കയർ ബോർഡിന് കിട്ടിയ ഓർഡറാണ്. കയർ ബോർഡ് അതുസംബന്ധിച്ച് ഇത്ര വിവരമേ ഗവൺമെന്റിൽ അറിയിച്ചിട്ടുള്ളു. വേറെ വിവരമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly